## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4944 22.05.2017 - ൽ മറുപടിക്ക്**

## റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പൊതുമരാമത്ത് നടപടികൾ

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ :**

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു-വരുന്ന നടപടികൾ എന്തൊക്കെ-യാണെന്ന് വ്യക്തമാക്കാമോ ;

(ബി) റോഡപകടങ്ങൾ ദിനംപ്രതി വർദ്ധിച്ച വരുന്നതിന്റെ കാരണങ്ങൾ എന്താണെന്ന് പഠനം നടത്തി-യിട്ടുണ്ടോ; റോഡുകളുടെ അപാകത-കൊണ്ടുണ്ടാകുന്ന അപകടങ്ങൾ എത്ര ശതമാനമാണെന്ന് കണ്ടെത്തി-യിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) & (ബി) റോഡ് സുരക്ഷാ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ദേശീയപാതാ വിഭാഗ-ത്തിൽ റോഡ് സേഫ്റ്റി സെൽ രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ പ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനത്തിന് വേണ്ടി റോഡ് സേഫ്റ്റി ഓഡിറ്റുകൾ നടത്താറുണ്ട്. അപകട മേഖലകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തി അപകടത്തിന്റെ കാരണം മനസ്സിലാക്കി അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. നിർമ്മാണ-ത്തിലെ അപാകതകൾ മൂലമാണ് അപകടം എങ്കിൽ കാരണം കണ്ടെത്തി അത് പരിഹരി-ക്കാറുണ്ട്. കൂടാതെ റോഡ് സുരക്ഷയ്ക്ക് ആവശ്യമായ ക്രാഷ് ബാരിയറുകൾ, മുന്നറിയിപ്പ് ബോർഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ,

റാംബിൾ സ്ട്രിപ്പ് തുടങ്ങിയവ സ്ഥാപിക്കാറുണ്ട്.

(സി) പൊതുമരാമത്ത് റോഡുകൾ അനധികൃതമായി കൈയ്യേറി കച്ചവടം നടത്തിവരുന്നതും റോഡിന്റെ വശങ്ങളിൽ റോഡ് മറച്ചുകൊണ്ട് അനധികൃതമായും, അനുമതിയോട് കൂടിയും സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ, ഹൊർഡിങ്ങുകൾ, ഫ്ലക്സ് ബോർഡുകൾ ഇവയെല്ലാം റോഡ് സുരക്ഷയ്ക്ക് ഭീഷണിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇപ്രകാരമുള്ള കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും അവ ഒഴിപ്പിക്കുന്നതിനും ആ സ്ഥലം ഗതാഗതയോഗ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കാറുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപിച്ചിട്ടുള്ള ബോർഡുകളും ഹോർഡിങ്ങുകളും നീക്കം ചെയ്യാറുണ്ട്. കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും, പിന്നീട് പോലീസ് സഹായത്തോടെ ഒഴിപ്പിക്കുകയും ആണ് ചെയ്യുന്നത്. കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കായി ഫുട്പാത്തുകൾ നിർമ്മിക്കുകയും അവ ടൈലുകൾ പാകി മനോഹരമാക്കുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ